# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1168 — 30.09.2016-ലെ മറുപടിക്ക്

## കെ.റ്റി.ഡി.എഫ്.സി

**ചോദ്യം**
ഡോ. എം.കെ. മുനീർ

**ഉത്തരം**
ശ്രീ. എ.കെ. ശശീന്ദ്രൻ
(ഗതാഗത വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.റ്റി.ഡി.എഫ്.സി രൂപീകരിച്ചതെന്നാണെന്നും രൂപീകരിക്കുമ്പോൾ അതിന്റെ പരമ പ്രധാനമായ ലക്ഷ്യമെന്തായിരുന്നുവെന്നും വിശദമാക്കുമോ; | (എ) | കമ്പനീസ് ആക്ട്, 1956 പ്രകാരം 27.02.1991 -ൽ കെ.റ്റി.ഡി.എഫ്.സി ഒരു സർക്കാർ കമ്പനിയായി രൂപീകരിക്കപ്പെട്ടു. ടി കമ്പനി രൂപീകരിച്ചതിന്റെ പ്രധാന ഉദ്ദേശ്യ ലക്ഷ്യങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു. |
| (ബി) | ഇതു രൂപീകൃതമായതുമുതൽ കെ.എസ്.ആർ.റ്റി.സി. വിവിധ ഘട്ടങ്ങളിലായി കെ.റ്റി.ഡി.എഫ്.സി. യിൽ നിന്ന് എത്ര തുക കടം വാങ്ങിയെന്നും ഓരോ തവണയും കെ.റ്റി.ഡി.എഫ്.സി. അതിന് ഈടാക്കിയ പലിശ നിരക്ക് എത്രയെന്നും വെളിപ്പെടുത്തുമോ; | (ബി) | കെ.റ്റി.ഡി.എഫ്.സി കെ.എസ്.ആർ.ടി.സി.ക്കു നൽകിയിട്ടുള്ള വായ്പകളുടെ വിവരം അനുബന്ധം II ആയി ചേർക്കുന്നു. |
| (സി) | പലിശയിനത്തിൽ കെ.എസ്.ആർ. റ്റി.സി കൂടുതൽ തുക തിരിച്ചടച്ചതായി ഏ.ജി. കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അങ്ങനെ അടയ്ക്കാനിടയായ സാഹചര്യം വിശദീകരിക്കുമോ; | (സി) | ഉണ്ട്. അക്കൗണ്ടന്റ് ജനറലിന്റെ കണ്ടെത്തൽ സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു. |
| (ഡി) | കെ.എസ്.ആർ.റ്റി.സി. ഉൾപ്പടെയുള്ളവർക്ക് ഇത്തരത്തിൽ ലോൺ നൽകുന്നതിനുള്ള തുക കെ.റ്റി. ഡി.എഫ്.സി. എങ്ങനെയാണ് സ്വരൂപിക്കുന്നതെന്ന് വിശദമാക്കുമോ; | (ഡി) | പൊതുജനങ്ങളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും സർക്കാർ ഗ്യാരന്റിയോടുകൂടി ഫിക്സഡ് ഡെപ്പോസിറ്റുകൾ സ്വീകരിച്ചുകൊണ്ടാണ് ലോൺ നൽകുന്നതിനുള്ള തുക പ്രധാനമായും സ്വരൂപിച്ചിട്ടുള്ളത്. കൂടാതെ ക്യാഷ് ക്രഡിറ്റ് വായ്പകളും പ്രോഫിറ്റും റിസർവ്വുകളും ക്യാപിറ്റലും, കെ.റ്റി.ഡി.എഫ്. സി ബിസ്സിനസ്സിനായി ഉപയോഗിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം - I

1. ട്രാൻസ്പോർട്ട് വാഹനങ്ങൾ, വർക്ക്ഷോപ്പുകൾ, യന്ത്രസാമഗ്രികൾ എന്നിവയ്ക്ക് ധനസഹായം:

വ്യക്തിക്കോ സ്ഥാപനത്തിനോ കമ്പനികൾക്കോ പ്രത്യേകിച്ച് കെ.എസ്.ആർ.ടി.സി.ക്കോ ആവശ്യമുള്ള വാഹനങ്ങൾ പാട്ടം, ഹയർ പർച്ചേസ്, ഹൈപ്പോത്തിക്കേഷൻ എന്നിവയുടെ അടിസ്ഥാനത്തിൽ ഫിനാൻസ് ചെയ്യുക, കെ.എസ്.ആർ.ടി.സി.യുടെ വാണിജ്യപരമായി വയബിൾ ആയിട്ടുള്ള സ്പേയർ പാർട്ട് കടകൾ, ഡീസൽ പമ്പുകൾ, ബസ് സ്റ്റേഷനുകൾ, കൊമേഴ്സ്യൽ കോംപ്ലക്സുകൾ എന്നിവ പോലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കിയെടുക്കുന്നതിന് ഫിനാൻസ് ചെയ്യുക, കൂടാതെ വിമാനം, ലോറികൾ, ബോട്ടുകൾ, കപ്പലുകൾ എന്നിങ്ങനെയുള്ള കര നാവിക വ്യോമ മേഖലകളിലുപയോഗിക്കുന്ന മറ്റ് ഗതാഗത വാഹനങ്ങൾക്ക് ധനസഹായം നൽകൽ.

2. ട്രാൻസ്പോർട്ട് വാഹനങ്ങളും മെഷിനറികളും സ്വന്തമാക്കുന്നതിനുള്ള ധന ക്രമീകരണം:

ട്രാൻസ്പോർട്ട് അണ്ടർടേക്കിംഗുകളുടെയോ നിർമ്മാണം, പ്രോസസിംഗ്, സ്റ്റോറേജ് എന്നിവയിൽ ഏർപ്പെട്ടിട്ടുള്ള യൂണിറ്റുകളുടെയോ ഓപ്പറേഷൻ, മെയിന്റനൻസ്, റിപ്പയറുകൾ എന്നിവയ്ക്കാവശ്യമായ ബസുകൾ, ലോറികൾ, ട്രാക്ടറുകൾ, എയർ ക്രാഫ്റ്റുകൾ, കപ്പലുകൾ, മെഷിനറികൾ, സാമഗ്രികൾ, ബിൽഡിംഗുകൾ എന്നിവ സ്വന്തമാക്കുന്നതിനോ ലീസിനത്തിലോ വാടകയ്ക്കോ ഹൈപ്പോത്തിക്കേഷൻ മുഖേനയോ സ്വന്തമാക്കുന്നതിനോ മേൽ വിവരിച്ച യൂണിറ്റുകളുടെ സ്പെയർ പാർട്ടുകൾക്കോ ആവശ്യമായ ഫിനാൻസ് അറേഞ്ചുമെന്റുകൾ ഏറ്റെടുക്കൽ.

3. ട്രാൻസ്പോർട്ട് സ്ഥാപനങ്ങൾക്ക് വായ്പ ലഭ്യമാക്കുന്നതിന് സഹായിക്കൽ:

കേരളത്തിലുള്ള ട്രാൻസ്പോർട്ട് അണ്ടർടേക്കിംഗുകൾക്ക് ദീർഘ, മദ്ധ്യമ, ഹ്രസ്വദൂരവായ്പകൾ നൽകി സഹായിക്കുക, അവരുടെ ഷെയർ കാപിറ്റൽ, ഇകിറ്റി അല്ലെങ്കിൽ പ്രിഫറൻസ് ഡിബഞ്ചറുകൾ സബ്സ്ക്രൈബ് ചെയ്യുക അല്ലെങ്കിൽ ഭാരതീയ റിസർവ് ബാങ്കിന്റെ സമയാസമയങ്ങളിലുള്ള നിബന്ധനകൾക്ക് വിധേയമായി മറ്റ് രീതിയിലുള്ള സഹായങ്ങൾ ചെയ്യുക.

(signature)

സെക്ഷൻ ഓഫീസർ

## അനുബന്ധം - II

| ക്രമ നമ്പർ | വർഷം | വായ്പയായി വിതരണം ചെയ്ത തുക | പലിശ നിരക്ക് |
|---|---|---|---|
| 1 | 2001-2002 | 102.07 കോടി (കെ.റ്റി.ഡി.എഫ്.സി രൂപീകൃതമായത് മുതൽ കെ.എസ്.ആർ.ടി.സി.ക്ക് ലഭ്യമാക്കിയ വായ്പകൾ 2001-2002-ൽ പുനഃക്രമികരിച്ചത് ഉൾപ്പെടെ) | 10% to 12% |
| 2 | 2002-2003 | 29.9 കോടി (ഇതിൽ 10 ലക്ഷം രൂപ 10.05.2003-ൽ വിതരണം ചെയ്തതാണ്) | 12% to 13% |
| 3 | 2003-2004 | 119.96 കോടി | 9% to 10% |
| 4 | 2004-2005 | 123.04 കോടി | 7.75% to 9% |
| 5 | 2005-2006 | 131 കോടി | 7.75% to 9% |
| 6 | 2006-2007 | 130 കോടി | 8.5% to 11.6% |
| 7 | 2007-2008 | 153 കോടി | 11.6% to 13% |
| 8 | 2008-2009 | 130 കോടി | 13% to 14.25% |
| 9 | 2009-2010 | 309 കോടി | 11.75% to 12.25% |
| 10 | 2010-2011 | 366.57 കോടി | 12.25% to 15% |
| 11 | 2011-2012 | 291 കോടി | 14.50% to 16.25% |
| 12 | 2012-2013 | 380 കോടി | 14.50% |
| 13 | 2013-2014 | 360 കോടി<br>133 കോടി (ഹ്രസ്വകാല വായ്പ) | 14.50% |
| 14 | 2014-2015 | 72 കോടി<br>516 കോടി (ഹ്രസ്വകാല വായ്പ) | 14.50% |
| 15 | 2015-2016 | 360 കോടി<br>347.50 കോടി (ഹ്രസ്വകാല വായ്പ) | 12.90% |
| 16 | 2016-2017 (24.09.2016 വരെ) | 260 കോടി | 12.10% to 12.60% |
| | ആകെ | **4314.04 കോടി** | |

[signature]

**സെക്ഷൻ ഓഫീസർ**